(സി) പ്രസ്തുത പദ്ധതിപ്രകാരം മദ്രസ്സ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; ഓരോ വർഷത്തേയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആധുനിക വിഷയങ്ങളായ ഗണിതം, സയൻസ്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ എന്നിവ മദ്രസകളിൽ പഠിപ്പിക്കുന്നതിനായി ആവിഷ്കരിച്ച നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി) 2010-11 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് 22.38 കോടിരൂപയും 2013-14 വർഷത്തിൽ 70.97 കോടിരൂപയും അനുവദിച്ചു. ചെലവായത് 58.38 കോടിരൂപ.

(സി) മദ്രസ വിദ്യാർത്ഥികൾക്ക് മതപഠനത്തോടൊപ്പം ആധുനിക വിഷയങ്ങൾ പഠിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2010-11-ൽ 547 മദ്രസകളിലും 2013-14 വർഷത്തിൽ 1328 മദ്രസകളിലും ഈ പദ്ധതി പ്രകാരം അദ്ധ്യയനം നടത്തിയിട്ടുണ്ട്.

ലബ്ബാ കമ്മിറ്റി റിപ്പോർട്ട്

33 (5101) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിഭാഗത്തിൽ 5 വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരാക്കി മാറ്റണമെന്ന് 2014-ലെ ലബ്ബാ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശ നടപ്പിലാക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി നടപ്പിലാക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശിപാർശ ചെയ്തിട്ടുണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഹയർസെക്കന്ററി മലയാളം (ജൂനിയർ) തസ്തിക

34 (5102) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി മലയാളം (ജൂനിയർ) അദ്ധ്യാപകർക്കുള്ള പി.എസ്.സി.ലിസ്റ്റ് എന്ന് മുതലാണ് നിലവിൽ വന്നത് ; ഇതിൽനിന്നും എത്ര പേരെ ഇതിനകം നിയമിച്ചു ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly